**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6457** 21/11/2019 ലെ മറുപടി

**എസ്. എസ്.എൽ. സി., ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പൊതുപരീക്ഷകളുടെ ഉത്തരക്കടലാസ് വിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വിൻസെന്റ് : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2020 മാർച്ച് മാസം നടക്കുന്ന എസ്. എസ് .എൽ .സി .. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പൊതുപരീക്ഷകളുടെ ഉത്തരക്കടലാസ് വിതരണം ഇതു വരെയും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 2020 മാർച്ച് മാസം നടക്കേണ്ട എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പൊതുപരീക്ഷ കൾക്കുള്ള ഉത്തരക്കടലാസ് വിതരണം 20.11.2019 ന് ആരംഭിച്ചു. |
| (ബി) 2019 മാർച്ചിലെ എസ്. എസ്. എൽ. സി., ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പൊതു പരീക്ഷകളുടെ ഉത്തരക്കടലാസ് വിതരണം ഇതേ രീതിയിൽ വൈകിപ്പിച്ചതിനെ തുടർന്ന് പ്രൈവറ്റ് വാഹനം ഉപയോഗിച്ച് വിതരണം നടത്തിയതിൽ മുൻ വർഷത്തെ അപേക്ഷിച്ച് എത്ര രൂപ അധികം ചെലവായി എന്ന് വ്യക്തമാക്കാമോ; | (ബി) കഴിഞ്ഞ വർഷം വിതരണം നടത്തേണ്ടിയിരുന്ന ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഉത്തര പുസ്തകങ്ങൾ (Answer Booklets) ആദ്യമായി ബുക്ക് ലെറ്റ് രൂപത്തിൽ തയ്യാറാക്കിയതിനാൽ ഗവൺമെന്റ് പ്രസ്സുകളിൽ നിന്ന് വിതരണത്തി നായി ലഭിക്കുന്നതിന് കുറച്ച് കാലതാമസം നേരിട്ടിരുന്നു. ഈ സാഹചര്യത്തിൽ 2019 മാർച്ചിലെ പൊതുപരീക്ഷകൾ സമയബന്ധിത മായി നടത്തുന്നതിനായി ബഹു. വിദ്യാഭ്യാസ മന്ത്രി, പൊതുവിദ്യാ ഭ്യാസ സെക്രട്ടറി, പരീക്ഷാ കമ്മീഷണർ, ഹയർ സെക്കണ്ടറി |

ഡയറക്ടർ, സ്റ്റേഷനറി ഡയറക്ടറുടെ പ്രതിനിധി, പരീക്ഷാ ജോയിന്റ് കമ്മീഷണർ, പരീക്ഷാ സെക്രട്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം പരീക്ഷാ സെക്രട്ടറി എന്നിവർ പങ്കെടുത്ത യോഗതീരുമാന പ്രകാരമാണ് പ്രൈവറ്റ് വാഹനങ്ങൾ ഉപയോഗിച്ച് ഉത്തരക്കടലാസ്സുകൾ വിതരണം നടത്തിയത്. 2018 മാർച്ചിലെ പൊതുപരീക്ഷകളുടെ ഉത്തരക്കടലാസ്സുകളുടെ വിതരണത്തിന് ചെലവായ തുകയേക്കാൾ ഏകദേശം 6 ലക്ഷം രൂപ 2019 മാർച്ചിലെ പൊതുപരീക്ഷകളുടെ ഉത്തരക്കടലാസ്സ് വിതരണത്തിന് അധികമായി ചെലവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | അത്തരത്തിൽ സർക്കാരിന് നഷ്ടമുണ്ടാക്കിയ ജീവനക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ